ഉത്തരം

(എ) സെക്രട്ടേറിയറ്റിൽ 1-4-2010 മുതലാണ് പഞ്ചിംഗ് സിസ്റ്റം നടപ്പിലാക്കിയത്.

(ബി) കെൽട്രോണിനെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്.

(സി) 40,80,500 (നാൽപ്പത് ലക്ഷത്തി എൺപതിനായിരത്തി അഞ്ഞൂറ്) രൂപ ഇതുവരെ ചെലവായിട്ടുണ്ട്.

(ഡി) ചീഫ് സെക്രട്ടറി തലത്തിലും സെക്രട്ടറി തലത്തിലും പഞ്ചിംഗ് സംവിധാനത്തിന്റെ വിവിധ വശങ്ങളെ സംബന്ധിച്ച് കാലാകാലങ്ങളിൽ അവലോകനം നടത്തി പ്രസ്തുത സംവിധാനത്തിന്റെ പ്രവർത്തനം വിലയിരുത്തപ്പെടുന്നുണ്ട്.

**സമരകാലയളവ് അർഹമായ ലീവായി പരിഗണിച്ച് സർവ്വീസ് ആനുകൂല്യം**

**9 (4342)** ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യത്തിന് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

അദ്ധ്യാപകരും സർക്കാർ ജീവനക്കാരും 2002-ൽ നടത്തിയ 32 ദിവസത്തെ സമരകാലയളവ് അർഹമായ ലീവായി പരിഗണിച്ച് പ്രസ്തുത കാലയളവിലെ എല്ലാ സർവ്വീസ് ആനുകൂല്യങ്ങളും നൽകുന്നത് സംബന്ധിച്ച് നടപടികൾ കൈക്കൊള്ളുമോ ?

ഉത്തരം

ഇപ്പോൾ പരിഗണനയിലില്ല.

**സർക്കാർ ജീവനക്കാരുടെ വകുപ്പുമാറ്റം**

**10 (4343)** ശ്രീ. മാങ്കോട് രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ :

(എ) സർക്കാർ ജീവനക്കാർക്ക് ജോലി ചെയ്യുന്ന വകുപ്പിൽനിന്നും മറ്റൊരു വകുപ്പിലേക്ക് വകുപ്പുമാറ്റം അനുവദിച്ചിട്ടുണ്ടോ ;

(ബി) എങ്കിൽ ഇതിനുള്ള നടപടിക്രമങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ ;

(സി) ഇതുസംബന്ധിച്ച് നിലവിലുള്ള സർക്കാർ ഉത്തരവുകളുടെ പകർപ്പ് ലഭ്യമാക്കുമോ ;

(ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വകുപ്പുമാറ്റം സംബന്ധിച്ച് എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്നും എത്ര പേർക്ക് അനുവദിച്ചിട്ടുണ്ടെന്നും വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഉണ്ട്.

LIBRARY ARCHIVES Kerala Legislative Assembly